**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6476** — **08.11.2016 ൽ മറുപടിയ്ക്ക്**

**യുവ വികാസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.ഡി.കെ. മുരളി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡ് 'യുവ വികാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. സംരംഭകത്വ വികസന പരിപാടി, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്വയംതൊഴിൽ പരിശീലനം, സാഹിത്യ ക്യാമ്പ്, യൂത്ത് അവാർഡ്, ജോബ് ഫെസ്റ്റ് എന്നീ പരിപാടികളാണ് 'യുവ വികാസ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വ പാടവ വികസനം എന്നിവയിൽ പരിശീലനം നൽകുന്ന-തിനുള്ള എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതി പ്രകാരം സ്വീകരി-ച്ചിട്ടുള്ളത് ; | (സി) | സ്വയം തൊഴിൽ, സംരംഭകത്വ വികസനം, നേതൃത്വ പാടവ വികസനം എന്നീ പരിപാടികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><br>I) <u>സ്വയംതൊഴിൽ പരിശീലനം</u><br>കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും ബോർഡ് നേരിട്ടും സ്വയംതൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇതിനായി ഓരോ പ്രദേശത്തു നിന്നും സ്വയംതൊഴിൽ സംഘടിപ്പിക്കാൻ താല്പര്യമുള്ള യുവജനക്ലബ്ബുകൾ/ സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് അനുയോജ്യമായ ക്ലബ്ബുകൾ/സന്നദ്ധ സംഘടനകൾക്ക് ഉചിതമായ ധനസഹായം നൽകി വരുന്നു. |

ii) <u>സംരംഭകത്വ വികസനം</u>

കേരളത്തിലെ യുവജനങ്ങളിലെ വ്യവസായ സംരംഭകത്വം വളർത്തി അവരെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം നൽകുന്ന വ്യവസായ സംരംഭകത്വ പരിശീലന പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പാക്കി വരുന്നു.

iii) <u>നേതൃത്വ പരിശീലന ക്യാമ്പ്.</u>

സാമൂഹിക സാംസ്കാരിക സാമുദായിക രാഷ്ട്രീയ രംഗങ്ങളിൽ തൽപരരായ യുവജനങ്ങൾക്ക് പുതിയ ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ യുവജനസംഘടനകളിലെ നേതാക്കൾക്കായി യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കാറുണ്ടോ ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്. 'യുവ വികാസ്' പദ്ധതിയുടെ കീഴിൽ ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ 'ജോബ് ഫെസ്റ്റ്' സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ നടത്തിയ ജോബ് ഫെസ്റ്റിൽ 17143 പേർ പങ്കെടുക്കുകയും 1981 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ ജോബ് ഫെസ്റ്റ് മലപ്പുറം ജില്ലയിൽ സംഘടിപ്പിക്കപ്പെടുകയും 5200 പേർ പങ്കെടുത്തതിൽ 660 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ